**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 264** **08-10-2025 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എച്ച്. സലാം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ വികസനത്തോടൊപ്പം അനുബന്ധ പശ്ചാത്തല-ഗതാഗത വികസന പദ്ധതികൾ ആരംഭിക്കേണ്ടതിന്റെ അനിവാര്യത കണക്കിലെടുത്ത് വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിംഗ് റോഡ് സാക്ഷാൽക്കരിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വിഴിഞ്ഞം തുറമുഖം സാധ്യമാകുന്നതോടെ സാധ്യമാകുന്ന വികസന മുന്നേറ്റവും വാഹന സാന്ദ്രതയും മുന്നിൽ കണ്ടാണ് സംസ്ഥാന സർക്കാർ വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് പദ്ധതിക്ക് രൂപം നൽകിയത്. വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ് നിർമ്മാണം ദേശീയപാത അതോറിറ്റി ഏറ്റെടുക്കണമെന്ന് സംസ്ഥാനം നിർദ്ദേശിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി , കേന്ദ്രഉപരിതല ഗതാഗത വകുപ്പ് മന്ത്രിയുമായി നടത്തിയ ചർച്ചയിൽ ഇക്കാര്യം ആവശ്യപ്പെടുകയും അംഗീകാരം നൽകുകയും ചെയ്തു. ബഹു. മുഖ്യമന്ത്രിയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ മന്ത്രിയും നടത്തിയ റിവ്യൂ മീറ്റിംഗിൽ ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണച്ചെലവിന്റെ 100%-വും ഇതിലേക്കാവശ്യമായ സ്ഥലമേറ്റെ ടുക്കലിന്റെ 50%-വും കേന്ദ്ര സർക്കാർ വഹിക്കാമെന്ന് തീരുമാനിച്ചിരുന്നു. തുടർന്ന് ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്നതും സംസ്ഥാനഗവൺമെന്റ് ഭൂമി ഏറ്റെടുക്കലിന്റെ 50% തുക വഹിക്കേണ്ടതുമായ പദ്ധതിക്ക് 04.02.2019 ലെ സഉ(കൈ) 181/2019/ പൊമവ പ്രകാരം സംസ്ഥാന ഗവൺമെന്റ് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോറിന് ഔട്ടർ റിംഗ് റോഡ്, സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് റീജിയൺ, മാസ്റ്റർ ഡെവലപ്പമെന്റ് പ്ലാൻ, ലാന്റ് ബോണ്ട് എന്നീ നാല് ഭാഗങ്ങളുണ്ട്. ഇതിൽ ഔട്ടർ റിംഗ് റോഡ് ദേശീയപാത അതോറിറ്റി മുഖേന നടപ്പാക്കുന്നതാണ്. ബാക്കി ഭാഗങ്ങളുടെ നിർവഹണത്തിന് ക്യാപിറ്റൽ റീജിയൺ ഡെവലപ്മെന്റ് പ്രൊജക്ട് നെ യാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.<br><br>ഔട്ടർ റിംഗ് റോഡിന്റെ നിർമ്മാണം സാക്ഷാത്കരിക്കുന്നതിനായി ദേശീയ പാത |

| | | | |
|---|---|---|---|
| | | | അതോറിറ്റി മുന്നോട്ട് വച്ച വ്യവസ്ഥകൾ സംസ്ഥാനം അംഗീകരിക്കുകയും ഭൂമി ഏറ്റെടുക്കലിന്റെ 50% തുക, സർവീസ് റോഡുകളുടെ നിർമ്മാണത്തുക എന്നിവ സംസ്ഥാനം വഹിക്കുന്നതിനും നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതിയിലെ സംസ്ഥാനവിഹിതം, റോയൽറ്റി എന്നിവ വേണ്ട എന്ന് വയ്ക്കുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾപ്പെട്ട ചതുർകക്ഷി കരാർ ഒപ്പ് വയ്ക്കുന്നതിന് സംസ്ഥാന സർക്കാർ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC ( Public Private Partnership Appraisal Committee) യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിൽ ഉണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High Cutting Area കളിൽ അപകട സാധ്യത ഉണ്ടോ എന്ന് കൂടി പരിശോധിച്ച് പദ്ധതി രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് NHAI യോട് നിർദ്ദേശിച്ചിരുന്നു. ഈ വിഷയത്തിൽ പരിശോധന നടത്താൻ തുരങ്കപാത നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയവരുടെ സമിതിയെ ദേശീയപാത അതോറിറ്റി നിയോഗിച്ചിട്ടുണ്ട്. 04.09.2025 ന് പ്രസ്തുത സമിതി സ്ഥലപരിശോധന നടത്തി, മൂന്ന് മാസത്തിനുള്ളിൽ സമിതി റിപ്പോർട്ട് ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നതായി NHAI അറിയിച്ചു. സമിതി റിപ്പോർട്ട് വിലയിരുത്തിയ ശേഷം തുടർനടപടി തീരുമാനിക്കും എന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. ഏറ്റെടുക്കുന്ന ഭൂമിക്ക് നിയമപരമായ നഷ്ടപരിഹാരം കണക്കാക്കി നൽകുമെന്നും NHAI അറിയിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി തിരുവനന്തപുരത്തിന്റെ വികസനത്തിനും ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിനും ഗുണകരമാകുമെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരത്തിന്റെയും സമീപ മേഖലകളുടെയും സമഗ്രവികസനം ലക്ഷ്യമിടുന്നതാണ് ഔട്ടർ റിംഗ് റോഡ് പദ്ധതി. ദേശീയപാത നിലവാരത്തിൽ നിർമ്മിക്കുന്ന ഔട്ടർ റിംഗ് റോഡ് വിഴിഞ്ഞത്തേക്കുള്ള സുഗമമായ ചരക്ക് നീക്കത്തിന് സഹായകരമാകും. റോഡ് കടന്നു പോകുന്ന മേഖലകളും സമീപ മേഖലകളും വികസിക്കും. പ്രാദേശിക തൊഴിലും തൊഴിൽ സംരംഭങ്ങളും വർധിക്കും. തുറമുഖ അനുബന്ധ ചെറുകിട വ്യവസായ പദ്ധതികളും ഈ മേഖലയിൽ സാധ്യമാകും. വിഴിഞ്ഞം തുറമുഖത്തേക്കുള്ള വാഹനങ്ങൾക്ക് തിരുവനന്തപുരം നഗരത്തിൽ പ്രവേശിക്കാതെ തന്നെ ലക്ഷ്യത്തിൽ എത്താൻ സാധിക്കും എന്നതിനാൽ പദ്ധതി |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുന്നത് തിരുവനന്തപുരം നഗരത്തിലെ സുഗമമായ ഗതാഗതത്തിനും സഹായകരമാകും. |
| (സി) | പ്രസ്തുത റോഡിന്റെ പ്രാരംഭ പ്രവൃത്തി എന്ന നിലയിൽ പ്രാഥമിക പരിസ്ഥിതി ആഘാത പഠനം, അലൈൻമെന്റ് എന്നിവയ്ക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഔട്ടർ റിംഗ് റോഡിൻറെ വിഴിഞ്ഞം മുതൽ തേക്കട വരെയുള്ള ഭാഗത്തിന്റെ പരിസ്ഥിതി ആഘാത പഠനത്തിന് SEIAA (State Environmental Impact Assessment Authority) യുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തേക്കട മുതൽ നാവായിക്കുളം വരെയുള്ള ഭാഗത്തിന്റെ പരിസ്ഥിതി ആഘാത പഠനത്തിൻറെ അംഗീകാരത്തിനുള്ള അപേക്ഷ SEIAA യ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്നും വിശദമാക്കാമോ? | (ഡി) | നാവായിക്കുളം-വിഴിഞ്ഞം ഔട്ടർ റിംഗ് റോഡിന്റെ വിശദമായ പദ്ധതി രേഖ ദേശീയപാത അതോറിറ്റി തയ്യാറാക്കിയത് PPPAC ( Public Private Partnership Appraisal Committee) യുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമീപകാലത്ത് മലപ്പുറം കാസർഗോഡ് ജില്ലകളിൽ ദേശീയപാതയിൽ ഉണ്ടായ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ High Cutting Area കളിൽ അപകട സാധ്യത ഉണ്ടോ എന്ന് കൂടി പരിശോധിച്ച് പദ്ധതി രേഖ പുനരവലോകനം ചെയ്യണമെന്ന് കേന്ദ്രഉപരിതല ഗതാഗത വകുപ്പ് NHAI യോട് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് വിലയിരുത്തിയ ശേഷം തുടർനടപടി തീരുമാനിക്കും എന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്.<br><br>പദ്ധതിക്ക് ഏകദേശം 8398.46 കോടി രൂപ ചെലവ് വരും എന്ന് നിർവഹണ ഏജൻസിയായ ദേശീയപാത അതോറിറ്റി കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ